**പതിമൂന്നാം കേരള നിയമസഭ**
**രണ്ടാം സമ്മേളനം**

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ.5724** | **27.10.2011-ൽ മറുപടിയ്ക്ക്**

# ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് നടപടി

| ചോദ്യം | | ഉത്തരം | |
| --- | --- | --- | --- |
| | ശ്രീ. സി. കൃഷ്ണൻ | | ശ്രീ.കെ.സി. ജോസഫ് (ഗ്രാമവികസനവും ആസൂത്രണവും സാംസ്കാരിക കാര്യവും വകുപ്പ് മന്ത്രി) |
| എ. | കേരളത്തിലെ ഗ്രാമീണ റോഡുകൾ പുനരുദ്ധരിക്കുന്നതിന് പി.എം.ജി.എസ്.വൈ. - ൽ ഉൾപ്പെടുത്തി നിരവധി റോഡുകളുടെ പ്രവർത്തികൾ മുമ്പേ നടത്തിയിട്ടുണ്ടെങ്കിലും കഴിഞ്ഞ രണ്ടു വർഷത്തിലധികമായി കേന്ദ്ര ഗവൺമെന്റിന്റെ നിബന്ധനകൾ മൂലം കേരളത്തിലെ ഒരു ഗ്രാമീണ റോഡും പ്രസ്തുത പദ്ധതി പ്രകാരം നിർമ്മിക്കാൻ കഴിയാതെ തടസ്സപ്പെട്ട വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | എ. | ശ്രദ്ധയിൽപെട്ടിട്ടുണ്ട് |
| ബി. | എങ്കിൽ കേരളത്തിന്റെ പ്രത്യേക സാഹചര്യം കണക്കിലെടുത്ത് നിബന്ധനകളിൽ മാറ്റം വരുത്താൻ എന്തെങ്കിലും നടപടികൾ സ്വീകരിച്ചിട്ടുണ്ടോ എന്ന് വിശദമാക്കുമോ? | ബി. | നടപടികൾ സ്വീകരിച്ചിട്ടുണ്ട്.<br><br>ഭാരത് നിർമ്മാണിന്റെ രണ്ടാം ഘട്ടം ആരംഭിക്കുന്നതുവരെ താഴെ പറയുന്ന മേഖലയിലെ പ്രവൃത്തികൾ മാത്രമേ അംഗീകാരത്തിനായി കേന്ദ്ര സർക്കാരിൽ സമർപ്പിക്കുവാൻ സാധിക്കുകയുള്ളൂ എന്ന് വ്യവസ്ഥ ചെയ്തിട്ടുണ്ട്.<br><br>1. 1-ാം ഘട്ട ഭാരത് നിർമ്മാണിലെ ലക്ഷ്യത്തിൽ ശേഷിക്കുന്ന പ്രവൃത്തികൾ.<br>2. ലോകബാങ്കിന്റെയും, എ.ഡി.ബിയുടെയും സഹായത്തോടെ നടപ്പിലാക്കുന്ന പദ്ധതികൾ<br>3. നക്സലൈറ്റ് ഭീഷണി നേരിടുന്ന 33 ജില്ലകളിലെ റോഡുകൾ<br>4. അതിർത്തി പ്രദേശത്തെ റോഡുകൾ<br><br>സംസ്ഥാനത്തിന് ഈ വ്യവസ്ഥകൾ പ്രകാരം പുതിയ പദ്ധതികളൊന്നും സമർപ്പിക്കുവാൻ സാധിക്കുകയില്ല. സംസ്ഥാനത്തിന് അനുവദിച്ച പദ്ധതികൾ |

മറ്റു സംസ്ഥാനങ്ങളെ താരതമ്യപ്പെടുത്തുമ്പോൾ തുലോം കുറവായതുകാരണം ഈ നിബന്ധനകളിൽ അയവു വരുത്തി പുതിയ പദ്ധതികൾ സമർപ്പിക്കുന്നതിനുള്ള അനുവാദം നൽകണമെന്ന് ആവശ്യപ്പെട്ടിട്ടുണ്ട്. കൂടാതെ പദ്ധതി മാനദണ്ഡങ്ങളിൽ കേരളത്തിന് ചുവടെ ചേർക്കുന്ന വ്യവസ്ഥകളിൽ ഇളവ് നൽകണമെന്ന് കേന്ദ്രസർക്കാരിനോട് അഭ്യർത്ഥിച്ചിട്ടുണ്ട്.

എ). നിർമ്മാണത്തിനായി ഏറ്റെടുക്കുന്ന റോഡുകളിലുള്ള പൈപ്പ് ലൈൻ, ഇലക്ട്രിക് പോസ്റ്റ്, ടെലിഫോൺ പോസ്റ്റ് എന്നിവ മാറ്റി സ്ഥാപിക്കുന്നതിനുള്ള ചെലവ് (യൂട്ടിലിറ്റി ഷിഫ്റ്റിംഗ്) പദ്ധതി വിഹിതത്തിൽ ഉൾക്കൊള്ളിക്കാൻ അനുവദിക്കണം.

ബി). റോഡിന്റെ ഗ്രേഡിയന്റ് 1:12.5 - ൽ നിന്നും 1:8 ആയി കുറയ്ക്കാൻ അനുവദിക്കണം .

സി). ടെണ്ടർ പ്രീമിയം നൽകുന്നതിനാവശ്യമായ തുക കേന്ദ്ര സർക്കാർ അനുവദിക്കണം.

ഡി). ദക്ഷിണേന്ത്യൻ സംസ്ഥാനങ്ങളിൽ ഏറ്റവും കുറവ് ഫണ്ട് പി.എം.ജി. എസ്.വൈ. പദ്ധതിയിൽ ചെലവഴിച്ചത് കേരളമാണ്. ആന്ധ്രാപ്രദേശ് 3530.04 കോടിയും തമിഴ്നാട് 1671.56 കോടിയും കർണ്ണാടക 3333.42 കോടിയും ചെലവഴിച്ചപ്പോൾ കേരളത്തിന് ലഭ്യമായത് 489.2156 കോടിയും ചെലവഴിച്ചത് 532.6466(സംസ്ഥാന വിഹിതം ഉൾപ്പെടെ) കോടി രൂപയുമാണ്. ഈ കാര്യങ്ങൾ കേന്ദ്രഗവൺമെന്റിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്.

സെക്ഷൻ ഓഫീസർ.